DWCD/4551/2022-ICDSB1

I/68076/2022

"**<u>ഭരണഭാഷ-മാതൃഭാഷ</u>**"

No.DWCD/4551/2022-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 23-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**<u>താൽപ്പര്യ പത്രം ക്ഷണിക്കുന്നു</u>**

വനിത ശിശു വികസന വകുപ്പിന് കീഴിലെ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ (ICDS mission) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ മിഷൻ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്നതിന് അനുയോജ്യമായ ചാർട്ടേർഡ് അക്കൗണ്ടന്റിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു . കേരളത്തിലെ ഗർഭിണികളായ സ്ത്രീകൾ , മുലയൂട്ടുന്ന അമ്മമാർ,6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ ,കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ ക്ഷേമത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന ബ്രിഹത്ത് പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി (ICDS ).

കേന്ദ്ര സർക്കാർ സഹായത്തോടെ സംയോജിത ശിശു വികസന സേവന പദ്ധതിയിലൂടെ ഏകദേശം 500 കോടി രൂപയുടെ വിവിധ പദ്ധതികൾ പ്രതിവർഷം സംസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു . ICDS പദ്ധതി വനിത ശിശു വികസന വകുപ്പിന് കീഴിൽ മിഷൻ മോഡിൽ സൊസൈറ്റിയായി 21.06.2014 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംയോജിത ശിശു വികസന പദ്ധതിയുടെ മിഷൻ ബൈലോ പ്രകാരം എല്ലാ വർഷവും അനുയോജ്യമായ ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖാന്തിരം ഓഡിറ്റ് നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതായിട്ടുണ്ട് .

ഈ സാഹചര്യത്തിൽ ICDS മിഷൻ പദ്ധതിയുടെ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു .

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് ചെയ്ത് 5 വർഷത്തെ പരിചയമുള്ള കമ്പനികളായിരിക്കണം .
2. ചുരുങ്ങിയത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം

താൽപ്പര്യ പത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച് അന്തിമ അധികാരം വനിത ശിശു വികസന ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും .

നിശ്ചിത യോഗ്യതയുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നുള്ള താൽപ്പര്യ പത്രം വനിത ശിശു വികസന ഡയറക്ടർ ,പൂജപ്പുര ,തിരുവനന്തപുരം എന്ന വിലാസത്തിൽ 15 / 12 /2022 നകം ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിശദാംശങ്ങൾക്കായി നേരിട്ട് വനിതാ ശിശു വികസന വകുപ്പ് ഡയരക്ടറേറ്റുമായി ബന്ധപ്പെടാവുന്നതാണ്

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

**[illegible]**
**അസിസ്റ്റന്റ് ഡയറക്ടർ**
**പെൻ നമ്പർ-457974**
**വനിത ശിശുവികസന ഡയറക്ടറേറ്റ്**
**പൂജപ്പുര, തിരുവനന്തപുരം-695012**

I/68076/2022

Signed by Priyanka G
Date: 23-11-2022 00:00:36